# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1349      03/12/2018-ൽ മറുപടി നൽകേണ്ടത്

**ചിറക്കര വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിന്റെ നവീകരണം**

| | ചോദ്യം<br>ശ്രീ.എ. എൻ. ഷംസീർ | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | തലശ്ശേരി മണ്ഡലത്തിലെ ചിറക്കര വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിന്റെ നവീകരണത്തിന് 2018-19 വർഷത്തെ വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും 54 ലക്ഷം രൂപ അനുവദിച്ചതുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ പൂർത്തീകരണത്തിന് എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും | ചിറക്കര വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിന് കെട്ടിട നിർമ്മാണത്തിനായി 54 ലക്ഷം രൂപയുടെ ഭരണാനുമതി 23.7.2018 ലെ ജി.ഒ(ആർ.ടി) നം.2781/2018/പൊ.വി.വ പ്രകാരം നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് തുടർ നടപടി സ്വീകരിക്കുന്നതിലേക്കായി പ്രസ്തുത സ്കൂളിന്റെ പ്രിൻസിപ്പലിനും, ജില്ലയിലെ അസിസ്റ്റന്റ് ഡയറക്ടർക്കും നൽകിയിട്ടുണ്ട്. പ്രസ്തുത സ്കൂളിൽ കെട്ടിട നിർമ്മാണം നടത്തുന്നതിന് സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള അക്രഡിറ്റഡ് ഏജൻസി നിർമ്മിതി കേന്ദ്രയാണ്. ടി വിഷയത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതും നിർമ്മിതി കേന്ദ്രയാണ്. |
| (ബി) | ഈ പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ ആവുമെന്നാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ